## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1533** **12-02-2025 - ൽ മറുപടിയ്ക്ക്**

## പാവറട്ടി വില്ലേജ് ഓഫീസിന് സ്വന്തം കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മണലൂർ പാവറട്ടി വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടുനൽകിയ ഭൂമിയിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുന്നതിനും ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ പാവറട്ടി വെണ്മെനാട് ഗ്രൂപ്പ് വില്ലേജിന് സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിന് 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. സ്വകാര്യ വ്യക്തി വിട്ടു നല്കിയ ഭൂമിയിൽ പ്രസ്തുത കെട്ടിട നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുവാൻ കഴിഞ്ഞിരുന്നില്ല. വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിനാൽ ഭൂമി തിരികെ ആവശ്യപ്പെട്ട് സ്വകാര്യ വ്യക്തി ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. എന്നാൽ പിന്നീട് ഹർജിക്കാരൻ മരണപ്പെട്ട സാഹചര്യത്തിൽ ഹർജിക്കാരന്റെ അനന്തരവകാശി പ്രസ്തുത കോടതി കേസ് പിൻവലിക്കുകയും പ്രസ്തുത ഭൂമി നിരുപാധികം വിട്ടൊഴിഞ്ഞ് നല്കിയിട്ടുള്ളതുമാണ്.<br><br>നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി കാലാവധി മൂന്നു വർഷമാകയാൽ പ്രസ്തുത വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിലേയ്ക്കായി 2019-2020 സാമ്പത്തിക വർഷം നല്കിയ ഭരണാനുമതി പുതുക്കി നല്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br><br>മണലൂർ വില്ലേജിന് 45 ലക്ഷം രൂപ2024-25 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | (എ) യുടെ മറുപടി |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | (എ) യുടെ മറുപടി |

സെക്ഷൻ ഓഫീസർ